331893

**C 40779** **(Pages : 2)** Name..........................................

Reg. No.....................................

## SIXTH SEMESTER U.G. DEGREE EXAMINATION, MARCH 2023

(CBCSS–UG)

Malayalam

MAL 6B 14—NAVASAMSKARA PADANANGAL

(2019 Admission onwards)

Time : Two Hours and a Half Maximum : 80 Marks

### Section A

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

1. സംസ്കാരപഠനത്തിൽ പ്രസക്തമാകുന്ന പ്രധാനപ്പെട്ട ഏതെങ്കിലും രണ്ട് പാരിസ്ഥിതിക ഘടകങ്ങൾ എഴുതുക.
2. ചെമ്മീനിലൂടെ എം.ടി.അൻസാരി വിവരിക്കുന്ന കീഴാളജീവിത ചിത്രീകരണം ഏതെല്ലാം കഥാപാത്രങ്ങളെ മുൻനിർത്തിയുള്ളതാണ് ? അതിൽ ഏറ്റവും കൂടുതൽ ദുരന്തത്തിന് ഇരയാകേണ്ടി വന്നതാരെന്നാണ് ലേഖകന്റെ അഭിപ്രായം.
3. മലയാളത്തിലെ നാലു ഫെമിനിസ്റ്റ് (സ്ത്രീവാദ) എഴുത്തുകാരികളുടെ പേരെഴുതുക.
4. 'സരസ്വതീ വിജയം' എഴുതിയതാരാണ് ? അതിന്റെ പ്രമേയം എന്ത് ?
5. "നമ്മണ്ടെ നാട്ടില് കമ്പിനി വന്നാ നമ്ക്ക് നാസമാണ്. നമ്മണ്ടെ വെള്ളത്തിനെയൊക്കെ നസിപ്പിക്കാനാണ് ഈ കമ്പനി ഇവിടെത്തന്നെ വരണത് ?" ഈ പരാമർശം ഏതു കൃതിയിലേതാണ് ? ആരുടെ കൃതി ?
6. "എന്റെ ജാതി..........എന്റെ ജാതി, എന്നേ ചതിച്ചല്ലോ ദൈവമേ." ഈ വിലാപം ആരുടേതാണ് ? പൊരുളെന്ത് ?
7. "അവർ ഇന്റെ മൊലപ്പാലിന്റെ വേര്കളാ അറുത്തത്. ന്റെ കുലത്തിന്റേം നിണത്തിന്റേം വേര്കള് "ആരുടെ വാക്കുകളാണിത് ? ഏത് കൃതിയിൽ നിന്നുള്ളതാണീ സംഭാഷണം ?
8. വരേണ്യവിഭാഗം അധികാരവും ചൂഷണവും സുരക്ഷിതമാക്കുന്ന തന്ത്രങ്ങൾ എന്തൊക്കെയാണെന്നാണ് പി.കെ. പോക്കർ പറയുന്നത് ?
9. സ്ത്രീകളുടെ സാഹിത്യ സംഭാവനകളെ സൂചിപ്പിക്കാൻ 'പെണ്ണെഴുത്ത്' എന്ന പദം മലയാളത്തിൽ ആദ്യമായി പ്രയോഗിച്ചത് ആരാണ് ? എവിടെയാണത് സൂചിപ്പിച്ചിട്ടുള്ളത് ?
10. 'ജാതിക്കുമ്മി' എഴുതിയതാരാണ് ? ജാതിക്കുമ്മിക്കവലംബമായ കൃതി ഏതാണ് ? ജാതിക്കുമ്മി പ്രസിദ്ധീകരിച്ച വർഷം ഏതാണ് ?
11. വലിയൊരളവു വരെ സംസ്കാരം പ്രകൃതിയുടെ നിർമ്മിതിയാണെന്ന് പറയുവാനുള്ള കാരണമെന്ത് ?
12. 'ദളിത്' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ? അതിന്റെ നിരുക്തി എന്ത് ?
13. എന്താണ് പാരിസ്ഥിതിക സ്ത്രീവാദം (Eco Feminism) ?

**Turn over**

331893

14. എന്താണ് 'പാഗനിസം' (Paganism) ?

15. പച്ച മനുഷ്യൻ എന്ന പദത്തെ പാരിസ്ഥിതിക പശ്ചാത്തലത്തിൽ ഡോ. ടി.പി. സുകുമാരൻ നിർവചിക്കുന്നത് എങ്ങനെയാണ് ?

(Maximum 25 marks)

## Section B

ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

16. "ലോകം കാണാനുള്ളതല്ല കേൾക്കാനുള്ളതാണ്" എന്ന ഡെയ്ക്സ് അത്തോളിയുടെ വാദത്തെ പരിസ്ഥിതി സൗന്ദര്യ ശാസ്ത്രവുമായി ബന്ധപ്പെടുത്തി ഡോ. ടി.പി. സുകുമാരൻ വിവരിക്കുന്നതെങ്ങനെയാണ് ?

17. ഇക്കോമാർക്സിസം (Ecomarxism) എന്നാലെന്ത് ?

18. സംസ്കാരം ആവാസവ്യവസ്ഥയെന്ന നിലയിൽ എന്ന ലേഖനത്തിൽ ജി. മധുസൂദനൻ വിലയിരുത്തുന്ന അഞ്ച് പാരിസ്ഥിതിക മേഖലകൾ പരിചയപ്പെടുത്തുക.

19. "അതുകൊണ്ടാണ് പണ്ടേക്കുപണ്ടേ പെണ്ണുങ്ങളെ അക്ഷരം പഠിപ്പിക്കരുതെന്ന് വിവരമുള്ളവർ പറഞ്ഞു വച്ചത്." ആരുടെ ആത്മഗതമാണിത് ? സന്ദർഭവും ആശയവും വിവരിക്കുക.

20. 19-ാം നൂറ്റാണ്ടിൽ കേരളത്തിൽ രൂപപ്പെട്ട ലിംഗഭേദ ചർച്ചകളെ സജീവമാക്കിയ സാമൂഹിക സാംസ്കാരിക ഘടകങ്ങൾ എന്തൊക്കെയായിരുന്നു ?

21. ആത്മബോധത്താൽ കാലാതീതനായ ഇതിഹാസ കഥാപാത്രമാണ് കീഴാളവർഗ്ഗ പ്രതിനിധിയായ 'എരി'. സമർത്ഥിക്കുക.

22. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ പരിപ്രേക്ഷ്യത്തിൽ സാറാ ജോസഫിന്റെ 'തായ്കുലം' എന്ന കഥ ചർച്ച ചെയ്യുക.

23. മലയാളത്തിലെ രണ്ടു പരിസ്ഥിതി നോവലുകൾ പരിചയപ്പെടുത്തി ആസ്വാദനം തയ്യാറാക്കുക.

(Maximum 35 marks)

## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24. ലിംഗസമത്വം എന്ന ആശയത്തിന്റെ അടിയൊഴുക്കുകൾ ചർച്ച ചെയ്യാൻ ആക്ഷേപഹാസ്യമെന്ന ആയുധത്തെ സമർത്ഥമായുപയോഗിച്ച കൃതിയാണ് കെ. ആർ. മീരയുടെ 'അച്ചാമ്മയ്ക്ക് സംഭവിച്ചത്' എന്ന കഥ വിവരിക്കുക.

25. കെ. സരസ്വതിയമ്മയുടെ കഥകളിലെ ലിംഗഭേദവിചാരം ചർച്ച ചെയ്യുക.

26. മലയാള സാഹിത്യത്തിൽ മബലാർ എന്ന പ്രരൂപത്തെ പുനർവായനകളിലൂടെ പ്രതിനിധീകരിക്കുവാനും ചരിത്രപാഠങ്ങളെ പ്രശ്നവൽക്കരിക്കുവാനും എം.ടി. അൻസാരി ശ്രമിക്കുന്നതെങ്ങനെ ?

27. പരിസ്ഥിതി സൗന്ദര്യസങ്കൽപ്പത്തെ ടി.പി. സുകുമാരൻ ഉദാഹരണങ്ങൾ നിരത്തി വിശദീകരിക്കുന്നതെങ്ങനെ ?

(2 × 1 = 20 marks)